ജയിൽ ആസ്ഥാനകാര്യാലയം,
തിരുവനന്തപുരം-12
തീയതി :07-06-2014

**ഉത്തരവ് നമ്പർ.113/ക്യാമ്പ്/ഡി.ജി.പി(പ്രിസൺസ്)/2014**

**വിഷയം:-ജയിലുകളിലെ അഴിമതി നടത്താനുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കാനുള്ള നടപടികൾ**

ജയിലുകളിൽ അഴിമതി നടക്കുന്നതിനുള്ള സാഹചര്യങ്ങൾ പ്രധാനമായും താഴെ പറയുന്നവയാണ് :-

1. ജയിലിലേയ്ക്കുള്ള സാധനസാമഗ്രികൾ വാങ്ങുന്നതും മെസ്സ് നടത്തുന്നതുമായ ഉദ്യോഗസ്ഥർ
2. ജയിലിൽ ഉൽപാദിപ്പിക്കപെടുന്ന വസ്തുക്കൾ അനധികൃതമായി മാറ്റുകയും, വിൽപനയിലൂടെയും നടത്തുന്ന ക്രമക്കേടുകൾ
3 തടവുകാരെ കാണാൻ വരുന്ന ബന്ധുക്കൾ/സുഹൃത്തുക്കൾ തുടങ്ങിയവരിൽ നിന്നും പണം വാങ്ങുന്നതു വഴിയുള്ള അഴിമതി.
4. ജയിലുകളിലെ തടവുകാർക്ക് ജോലി നിശ്ചയിച്ചു നൽകുന്ന കാര്യത്തിൽ നടക്കുന്ന അഴിമതി
5. നിയമപരമായ ആവശ്യങ്ങളും, പരാതികളും ഉന്നത ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനും ഉത്തരവ് നടപ്പാക്കി എടുക്കുന്നതിനും ഉദ്യോഗസ്ഥ തലത്തിൽ നടക്കാവുന്ന അഴിമതി
6. നിയമവിരുദ്ധമായ സൗകര്യങ്ങൾ തടവുകാർക്ക് നൽകുന്നതിനുവേണ്ടി തടവുകാരിൽ നിന്നോ അവരുടെ ബന്ധുക്കളിൽ നിന്നോ പണമോ, പാരിതോഷികങ്ങളോ സ്വീകരിക്കുന്നതുവഴിയുള്ള അഴിമതി.
7. തടവുകാരെ പല കാര്യങ്ങൾക്കും സമ്മർദ്ദം ചെലുത്തി അവരുടെ ബന്ധുക്കളിൽ നിന്നും പണവും മറ്റും വാങ്ങുന്ന അഴിമതി.
8. മയക്കുമരുന്നുകൾ, മദ്യം, മൊബൈൽഫോണുകൾ തുടങ്ങിയ നിരോധിത സാധനങ്ങൾ തടവുകാർക്ക് നൽകുന്നതിലൂടെ നടക്കുന്ന അഴിമതി.
9. റെമിഷൻ, പരോൾ, പരാതികൾ, തടവുകാരുടെ ക്യാൻറീൻ നടത്തിപ്പ്, തടവുകാരുടെ ജോലി നിശ്ചയിച്ചു നൽകൽ തുടങ്ങിയ മേഖലകളിൽ നടക്കാവുന്ന അഴിമതി.

മുകളിൽ പറഞ്ഞ എല്ലാ മേഖലകളിലും അഴിമതി നടത്തുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കുന്നതിന് ഇത്തരം കാര്യങ്ങൾ/ഫയലുകൾ കൈകാര്യം ചെയ്യുന്നവരെയും, ജയിലിലേയ്ക്കുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിലും, വിൽപന നടത്തുന്നതിലും തുടങ്ങി ഏതെല്ലാം കാര്യങ്ങളിൽ ഉദ്യോഗസ്ഥർ നിയോഗിക്കപ്പെടുന്നുണ്ടോ അവിടെയെല്ലാം, ഒരു ഉദ്യോഗസ്ഥനെയും രണ്ട് വർഷത്തിൽ കൂടുതലായി അതേ ജോലിയിൽ തുടരാൻ

അനുവദിക്കരുത്. മറ്റ് ഒരു ഉദ്യോഗസ്ഥനെ ഈ ജോലിയിൽ നിയോഗിക്കുമ്പോൾ അങ്ങനെ നിയോഗിക്കപ്പെടുന്ന ആൾ അതിന് മുൻപുള്ള അഞ്ച് വർഷം അതേ ജോലി ചെയ്തിട്ടില്ല എന്നുറപ്പാക്കണം. കൃത്യമായ റൊട്ടേഷൻ സംപ്രദായം ഈ വിധത്തിൽ നടപ്പാക്കിയാൽ അനധികൃതമായ താൽപര്യങ്ങളും, അതിൻേതായ സംവിധാനങ്ങളും വളർത്തിയെടുക്കുവാൻ സാധ്യതകൾ വളരെ കുറയും. ആയതുകൊണ്ട് എല്ലാ ജയിലുകളിലും മേൽ പറഞ്ഞവിധത്തിൽ രണ്ട് വർഷമോ, അതിലധികമോ ഒരേ വിഭാഗത്തിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരെ അടിയന്തിരമായി മുകളിൽ പറഞ്ഞതുപ്രകാരം മാറ്റി നിശ്ചയിക്കേണ്ടതാണ്. പുതുതായി നിശ്ചയിക്കപ്പെടുന്നവർക്ക് അവശ്യം വേണ്ട നിർദ്ദേശങ്ങളും നൽകേണ്ടതാണ്.

1/7/2014 മുതൽ ഏതെങ്കിലും ജയിലിൽ, ഇതിന് വിപരീതമായി ഉദ്യോഗസ്ഥർ തുടർച്ചയായി ഒരേ ജോലി തന്നെ ചെയ്യുന്നതായി കണ്ടാൽ അതിൻെറ പൂർണ്ണ ഉത്തരവാദിത്വം അതാത് ജയിൽ സൂപ്രണ്ടിനായിരിക്കും. ഇക്കാര്യങ്ങൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെങ്കിൽ അത് മേഖലാ ഡി.ഐ.ജി. മാരുമായി ബന്ധപ്പെട്ട് വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. 30/6/2014 ന് മുൻപായി മേൽ പറഞ്ഞ വിഭാഗങ്ങളിൽ ഇപ്പോൾ ജോലി ചെയ്യുന്നവരുടെ ലിസ്റ്റ്, അവർ എത്ര വർഷമായി ജോലി ചെയ്യുന്നു എന്ന വിവരത്തോട് കൂടി ഓരോ ജയിൽ സൂപ്രണ്ടുമാരും ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആൻറ് കറക്ഷണൽ സർവ്വീസസിൻെറ പേരിൽ അയയ്ക്കേണ്ടതാണ്.

ഇത് കൂടാതെ സൂപ്രണ്ടുമാരും, ജയിലർമാരും, ഡി.ഐ.ജി. മാരും തങ്ങളുടെ പരിധിയിലുള്ള ജയിലുകൾ ക്രമമായി സന്ദർശിക്കുകയും, സുരക്ഷാകാര്യങ്ങൾ, ജയിലിലെ അച്ചടക്കം, ഭക്ഷണം, വെള്ളം, ചികിത്സാ കാര്യങ്ങൾ എന്നിവയെപ്പറ്റി മനസ്സിലാക്കി നടപടികൾ എടുക്കുകയും വേണം. രാത്രിയിലെ സന്ദർശനങ്ങളിൽ ഏറ്റവും ചുരുങ്ങിയത് 4/6/2014 ലെ നമ്പർ 109/ക്യാമ്പ്/ഡി.ജി.പി.(പ്രിസൺസ്)/2014 എന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ ബാധകമാണ്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരെപ്പറ്റി അതാത് സമയം റിപ്പോർട്ട് നൽകേണ്ടതാണ്

ടി.പി. സെൻകുമാർ ഐ.പി.എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്
ആൻറ് കറക്ഷണൽ സർവ്വീസസ്

എല്ലാ മേഖലാ ഡി.ഐ.ജി. മാർക്കും
എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും